# പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 1560 - 04/10/2016 - ലെ മറുപടിക്ക്**

## സംസ്ഥാന പൊതുകടം

**ചോദ്യം** | **ഉത്തരം**

ശ്രീ.പി.കെ.ശശി

ഡോ. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പുമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരം 31.03.2011 ൽ അന്നത്തെ സർക്കാർ അധികാരമൊഴിയുമ്പോഴുള്ള സംസ്ഥാന പൊതുകടം എത്ര; ആയത് മുൻ സർക്കാർ അധികാരമൊഴിയുന്ന സമയം എത്ര എന്നും വ്യക്തമാക്കുമോ; | അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരം 31.03.2011-ൽ സംസ്ഥാനത്തിന്റെ പൊതുകടം 78,673.24 കോടിരൂപയായിരുന്നു. 31.03.2016 ൽ ഇത് അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ (സപ്ളിമെന്ററി) പ്രകാരം 1,57,385.94 കോടിരൂപയാണ്. |
| (ബി) | കഴിഞ്ഞ 5 വർഷത്തെ ഭരണകാലത്ത് പൊതുകടത്തിൽ വന്ന വർദ്ധനവ് എത്ര ശതമാനം; തുക എത്ര; നികുതി പിരിവിൽ ഇക്കാലത്ത് ഇടിവ് വന്നിട്ടുണ്ടെങ്കിൽ ആയത് മൂലം ഉണ്ടായ സാമ്പത്തിക നഷ്ടം എത്ര; ആയത് ഈ സർക്കാരിനെ ഏതു പ്രകാരം ബാധിച്ചു എന്നും ഇതു മറികടക്കാൻ ഈ സർക്കാർ എന്ത് നടപടി സ്വീകരിച്ചു വരുന്നു എന്നും വ്യക്തമാക്കുമോ; | 2011-16 കാലഘട്ടത്തിൽ സംസ്ഥാനത്തിന്റെ പൊതുകടത്തിൽ 78712.70 കോടിരൂപയുടെ (100%) വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്. ഇതേ കാലയളവിലെ സംസ്ഥാനത്തിന്റെ തനതു നികുതി വരുമാനത്തിന്റെ ശരാശരി വർദ്ധനവ് 12.26 ശതമാനമാണ്. ഇത് മുൻകാലയളവിലെ 17.41 ശതമാനത്തിനെ അപേക്ഷിച്ച് 5.15 ശതമാനം കുറവാണ്. നികുതി പിരിവിലെ വീഴ്ചകൾ കൊണ്ടും സാമ്പത്തിക അച്ചടക്കമില്ലായ്മ കൊണ്ടും റവന്യൂകമ്മിയിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. 2011-16 കാലയളവിലെ റവന്യൂകമ്മിയുടെ ശരാശരി വർദ്ധനവ് 29.55 ശതമാനമാണ്. ഇത് 2006-11 കാലയളവിലെ ശരാശരി വർദ്ധനവായ 6.86 ശതമാനത്തെ അപേക്ഷിച്ച് 22.69 % കൂടുതലാണ്. റവന്യൂ കമ്മി സംസ്ഥാനത്തിന്റെ കടമെടുപ്പു പരിധിയെ കവച്ചു വെയ്ക്കുന്ന ഗുരുതരമായ സ്ഥിതി വിശേഷമാണ് സംസ്ഥാനം അഭിമുഖീകരിക്കുന്നത്. നികുതി വരുമാന വളർച്ച കൈവരിച്ചുകൊണ്ടും അനാവശ്യവും ധൂർത്തുനിറഞ്ഞതുമായ ചെലവുകൾ നിയന്ത്രിച്ചും ഈ സ്ഥിതി വിശേഷത്തെ നേരിടാനാണ് സർക്കാർ ശ്രമിക്കുന്നത്. |
| (സി) | മുൻ സർക്കാരിന്റെ ഭരണത്തിലെ കെടുകാര്യസ്ഥതയും സാമ്പത്തിക അച്ചടക്കമില്ലായ്മയും നികുതി പിരിവിലെ വീഴ്ചകൾകൊണ്ടും ഉണ്ടായ റവന്യൂ കമ്മി എത്ര എന്നും ഇത് എത്തരത്തിൽ കടമെടുപ്പു പരിധിയെ ബാധിച്ചിട്ടുണ്ട് എന്നും പ്രസ്തുത സ്ഥിതി വിശേഷം തരണം ചെയ്യുവാൻ എന്തു നടപടികൾ സ്വീകരിച്ചു എന്നും വ്യക്തമാക്കുമോ? | |

അക്കൗണ്ട്സ് ഓഫീസർ